# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 12.03.2015 – ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നമ്പർ: 97

## പരമ്പരാഗത കയർ വ്യവസായത്തിന്റെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ദാസൻ<br>,, ജി.സുധാകരൻ<br>,, എസ്.ശർമ്മ<br>,, കെ.വി.വിജയദാസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| എ) പരമ്പരാഗതമായ കയർ വ്യവസായത്തിന്റെ പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000-/രൂപ സർക്കാർ നൽകിയിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ പദ്ധതിക്കും, നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. |
| ബി) അസംസ്കൃത വസ്തുവായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; | (ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾ കൂടി ഉൾക്കൊണ്ട് പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ |

| | |
|---|---|
| | നൽകിയിട്ടുണ്ട്. കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. |
| സി) ഇത് വിദേശ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖേന നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; | സി) ഇപ്പോൾ പരിഗണനയിലില്ല. |
| ഡി) സംസ്ഥാനത്ത് ലഭ്യമായ ചകിരി കൃത്യമായി സംഭരിക്കുന്നതിന് വീഴ്ച യുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി സംഭരിക്കുന്നതിന് വീഴ്ച ഉണ്ടായിട്ടില്ല. കയർഫെഡ് വഴി ചകിരി സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിന് വേണ്ടി 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. കൂടുതൽ ഫലപ്രദമായ രീതിയിൽ തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പുതിയ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ